# ഹരിതാവബോധം : ആദ്യാങ്കുരങ്ങൾ

ആത്മാരാമൻ

**പരിസ്ഥിതി സംരക്ഷണം മുഖ്യപ്രമേയമായ കുറെയേറെ രചനകൾ ഏതാണ്ട് ഇരുപതാണ്ടപ്പുറം നമ്മുടെ ഭാഷയിൽ ഉണ്ടായി. സാഹിത്യചരിത്രപരമായി അവയ്ക്കൊരു സവിശേഷപ്രാധാന്യമുണ്ട്; മറ്റൊരു ഭാരതീയ ഭാഷയിലും പരിസ്ഥിതി പ്രശ്നങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു സാഹിത്യധാര ഉണ്ടായതായി അറിവില്ല. പരസ്ഥിതിസൗന്ദര്യശാസ്ത്രത്തെപ്പറ്റി അന്ന് മലയാളത്തിൽ കേട്ടുകേൾവിപോലുമില്ല. ഗ്രന്ഥപ്രമാണമായിരുന്നില്ല രചനകളുടെ പ്രചോദനമെന്നു സാരം. പ്രകൃതിസൗന്ദര്യം, പ്രകൃതിദൂഷണം, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ദ്വന്ദ്വാത്മകബന്ധം - ഇവയെല്ലാം മുമ്പും നമ്മുടെ സാഹിത്യത്തിന് വിഷയങ്ങളായിരുന്നില്ലെന്നല്ല. സ്വാതന്ത്ര്യാത്പരകാലത്തെ മലയാളകവിതകളിൽ പലതും ഈ ഉത്കണ്ഠയ്ക്കു നാവുനൽകിയവയാണ്. എങ്കിൽപ്പിന്നെ തുടക്കത്തിൽ സൂചിപ്പിച്ച രചനകളെ ഇവയിൽ നിന്നു വേർതിരിച്ചു നിർത്തുന്നതെന്ത്? അനന്തവിസ്തൃതമായ ഭൂമിക്ക് എന്നോ സംഭവിച്ചേക്കാവുന്ന സർവനാശമെന്ന സാമാന്യമായ ആശങ്കയ്ക്കപ്പുറം ഒരു ചെറിയ വനസ്ഥലിയുടെ അത്യാസന്നവും, ദുർനിവാരവുമായ തിരോധാനമെന്ന സുനിശ്ചിതവസ്തുതയായിരുന്നു ഈ രചനകളുടെ സദ്യഃപ്രേരണ.**

## സൈലന്റ്‌വാലി സംരക്ഷണശ്രമങ്ങളും സാഹിത്യ–സാംസ്കാരിക രംഗവും



*പെയിന്റിങ് : പാരീസ് മോഹൻകുമാർ (മാഹി)*

### സൈലന്റ് വാലി

പാലക്കാട്ടു ജില്ലയിലെ മണ്ണാർക്കാടിനടുത്ത് ഏതാണ്ട് തൊണ്ണൂറു ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതിയുള്ള സൈലന്റ് വാലിയായിരുന്നു ഈ വനസ്ഥലി. കാടുകളെ സാധാരണ ശബ്ദമുഖരമാക്കാറുള്ള ചീവീടുകളുടെ അഭാവംകൊണ്ടാകാം ഈ പ്രദേശത്തിന് ഇങ്ങനെയൊരു പേരു വീണത്. ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴ മണ്ണാർകാട്ടെ സമതലഭൂമിയിലേക്ക് ഏതാണ്ട് ആയിരം മീറ്റർ ഉയരത്തിൽനിന്ന് കുത്തിയൊലിക്കുന്നു. ഈ വെള്ളച്ചാട്ടത്തിനു കുറുകേ അണകെട്ടി വൈദ്യുതി ഉത്പാദിപ്പിക്കാമെന്ന് കണ്ടെത്തിയത് തൊള്ളായിരത്തി ഇരുപതുകളിലാണ്. കേരള സംസ്ഥാനത്തിന്റെ പിറവിക്കു ശേഷം, ആയിരത്തിതൊള്ളായിരത്തി അമ്പത്തിയെട്ടിൽ വി.ആർ. കൃഷ്ണയ്യർ വൈദ്യുതി വകുപ്പു മന്ത്രിയായിരുന്നപ്പോഴാണ് പദ്ധതിക്കുവേണ്ട സാങ്കേതികവിവരങ്ങൾ ശേഖരിക്കാനുള്ള നടപടികൾ തുടങ്ങിയത്. ഏഴുകൊല്ലം കഴിഞ്ഞ്, പതിനേഴുകോടി രൂപ ചെലവിൽ നൂറ്റിരുപത് മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാവുന്ന ഒരു പദ്ധതിയുടെ കരടുനിർദ്ദേശങ്ങൾ കേന്ദ്ര ജലവൈദ്യുതികമ്മീഷന് സമർപ്പിക്കപ്പെട്ടു. തൊള്ളായിരത്തി എഴുപത്തിമൂന്നിൽ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പ്ലാനിങ് കമ്മീഷന്റെ അനുമതിയോടെ, മതിപ്പുചെലവ് ഇരുപത്തഞ്ചുകോടിയായി ഉയർത്തുകയും, പദ്ധതിയുടെ മുന്നോടിയായി ചെയ്യേണ്ട പണികൾ തുടങ്ങിവെയ്ക്കുകയും ചെയ്തു. ഇടുക്കി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ അവസാനഘട്ടമായിരുന്നു അത്. ബോർഡിന്റെ സാമ്പത്തിക പ്രശ്നങ്ങൾ കാരണം സൈലന്റ് വാലി വനപ്രദേശത്തെ പണി ഏറെ മുമ്പോട്ടു പോയില്ല.

അടിയന്തിരാവസ്ഥയുടെ മൂർദ്ധന്യത്തിൽ - കൃത്യമായിപ്പറഞ്ഞാൽ ആയിരത്തിതൊള്ളായിരത്തി എഴുപത്തിയാറ് ഫെബ്രുവരി പന്ത്രണ്ടിന് - പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഇടുക്കിപദ്ധതി രാഷ്ട്രത്തിനു സമർപ്പിച്ചതോടെ, സാമ്പത്തികദൃഷ്ട്യാ ഏറ്റവും ലാഭകരമെന്നു വിലയിരുത്തപ്പെട്ട സൈലന്റ് വാലി ജലവൈദ്യുതപദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളിലേക്ക് ബോർഡ് ശ്രദ്ധതിരിച്ചു. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ പ്രതിശീർഷ വൈദ്യുതി ലഭ്യതയും ഉപഭോഗവും കുറവായ കേരളത്തിലെ പിന്നാക്ക ജില്ലകളിലൊന്നാണ് പാലക്കാട്. കൃഷി, വ്യവസായം, ഗാർഹികോപഭോഗം എന്നിങ്ങനെ എല്ലാ മേഖലകളിലും വൈദ്യുതിക്കമ്മി നേരിട്ട ജില്ല. ഏഴുകൊല്ലംകൊണ്ട് പണിതീർക്കാമെന്ന് ഉദ്ദേശിക്കപ്പെട്ടിരുന്ന സൈലന്റ് വാലി പദ്ധതി ഉത്തരകേരളത്തിലെ ഊർജ്ജമേഖലയിലെ അസന്തുലിതാവസ്ഥ നീക്കുമെന്നും, വൈദ്യുതി വിതരണത്തിലെയും പ്രസരണത്തിലെയും നഷ്ടങ്ങൾ കുറയ്ക്കുമെന്നും, ചുരുങ്ങിയത് പതി

നായിരം ഹെക്ടർ കൃഷിഭൂമിയെങ്കിലും ജലസേചനം നടത്താൻ ഉപയുക്തമാകുമെന്നും വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. മൂവായിരത്തിലേറെപ്പേർക്ക് ഒരു നീണ്ട കാലയളവിലേക്ക് സൃഷ്ടിക്കപ്പെടുമായിരുന്ന തൊഴിൽ അവസരങ്ങൾ വേറെ.

എന്നാൽ വനം-വന്യജീവി വകുപ്പുകളുടെ ചുമതലയുണ്ടായിരുന്ന കേന്ദ്രകൃഷിമന്ത്രാലയം പദ്ധതിക്ക് അനുമതി നൽകിയില്ല. നാഷണൽ കമ്മിറ്റി ഓൺ എൻവയോൺമെന്റൽ പ്ലാനിങ്ങ് ആൻഡ് കോ-ഓർഡിനേഷന്റെ അഭിപ്രായമറിഞ്ഞിട്ടാകാം തീരുമാനമെന്നായിരുന്നു മന്ത്രാലയത്തിന്റെ നിലപാട്. പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കാനായി ആയിരത്തിതൊള്ളായിരത്തി എഴുപത്തിയാറ് ഏപ്രിലിൽ കമ്മിറ്റി നിയോഗിച്ച ഉപസമിതിയുടെ അദ്ധ്യക്ഷൻ സഫർ ഫത്തേഹള്ളി ആയിരുന്നു. സൈലന്റ് വാലി ജലവൈദ്യുത പദ്ധതി ഉണ്ടാക്കിയേക്കാവുന്ന പരിസ്ഥിതി സംബന്ധിയായ പ്രത്യാഘാതങ്ങളെക്കുറിച്ച് ഉപസമിതിയുടെ റിപ്പോർട്ട് കിട്ടുന്നതുവരെ പദ്ധതിയുടെ പണി നിർത്തിവെക്കണമെന്നായിരുന്നു കമ്മിറ്റിയുടെ അഭിപ്രായം.

പരിസ്ഥിതിശാസ്ത്രപരമായ എന്തു പ്രാധാന്യമാണ് സൈലന്റ് വാലിക്കുള്ളത്? പശ്ചിമഘട്ടത്തിലെ നിത്യഹരിതവൃഷ്ടിവനങ്ങളിലൊടുക്കത്തേതാണത്. ഏതാണ്ട് ഐമ്പത് ദശലക്ഷം വർഷങ്ങളുടെ പഴക്കം; സസ്യപ്രകൃതിയിലെയും ജന്തു പ്രകൃതിയിലെയും എണ്ണിത്തീർക്കാനാകാത്ത വൈവിദ്ധ്യം. സസ്യങ്ങളിൽ പലതും അന്യത്ര അലഭ്യവും നഷ്ടപ്രായമെന്നു കരുതപ്പെടുന്നവയും. ഓർക്കിഡുകൾ തന്നെ നൂറിലേറെ ഇനം. ചിത്രശലഭങ്ങൾ, നിശാശലഭങ്ങൾ, ഉരഗങ്ങൾ, ഉഭയജീവികൾ, മത്സ്യങ്ങൾ, ഇരുനൂറോളം പക്ഷിവർഗങ്ങൾ. സിംഹവാലൻ കുരങ്ങും വരയാടും (നീലഗിരി താർ) കടുവയും ഉൾപ്പെടെ വിവിധതരം സസ്തനജീവികൾ. ഭൗമശാസ്ത്രപരമായ സവിശേഷതകളും മറ്റും വേറെ. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യരാശിയുടെ ഇടപെടൽ ഏറ്റവും കുറച്ചു മാത്രം ഉണ്ടായിട്ടുള്ള ഈ നിത്യഹരിതവൃഷ്ടിവനം അനന്തസാദ്ധ്യതകളുള്ള ഒരു ജീൻ കലവറയാണ്.

എന്തു ജൈവവൈവിദ്ധ്യം? പദ്ധതി തുടങ്ങുന്നതിനുമുമ്പ് ജൈവവൈവിദ്ധ്യത്തിൽ ആർക്കും താല്പര്യം കണ്ടില്ലല്ലോ, സിംഹവാലൻ കുരങ്ങുകൾ മറ്റുവനങ്ങളിലുമുണ്ടല്ലോ, സൈലന്റ് വാലി ഒരു മഴക്കാടുതന്നെയാണോ, അതിന്നെന്താണ് അനന്യത. സൈലന്റ് വാലിയുടെ പത്തിലൊന്നേ ജലനിമഗ്നമാകുകയുള്ളൂ, അതിൽത്തന്നെ ഭൂരിഭാഗവും ജൈവസമ്പത്ത് പ്രാധാന്യമില്ലാത്ത പുൽമേടുകളാണ്, പിന്നാക്കജില്ലയായ പാല



പ്രൊഫ. എം.കെ. പ്രസാദ്

ക്കാടിന്റെ പുരോഗതിക്ക് പദ്ധതി അനിവാര്യമാണ്, അത്യാസന്നമായ ഊർജപ്രതിസന്ധിക്ക് മുൻകൂർ പരിഹാരമാണ് പദ്ധതി - ഇങ്ങനെ പോയി കെ.എസ്.ഇ.ബിയുടെ വാദങ്ങൾ.

സ്റ്റീവൻ ഗ്രീൻ (ന്യൂയോർക്ക് സുവോളജിക്കൽ സൊസൈറ്റി) കരേൻ മിൻകോവ്സ്കി എന്നിവർ സിംഹവാലൻ കുരങ്ങുകളെപ്പറ്റിയും റോമുലസ് വിറ്റേക്കർ, ജെറാൾഡ് മാർട്ടിൻ എന്നിവർ പാമ്പുകളെപ്പറ്റിയും നടത്തിയ പഠനങ്ങളായിരുന്നു അതുവരെ സൈലന്റ് വാലിയെക്കുറിച്ചുണ്ടായ ഗൗരവാവഹമായ ഗവേഷണചർച്ചകൾ. നീലഗിരി സന്ദർശിച്ച ചില യൂറോപ്യൻ ശാസ്ത്രജ്ഞർ സൈലന്റ് വാലിയുടെ പ്രകൃതിശാസ്ത്രപരമായ സവിശേഷതകളെക്കുറിച്ച് ബോംബെ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിക്ക് എഴുതിയിരുന്നു. എന്നാൽ ഇതൊന്നും കേരളീയരുടെ ശ്രദ്ധയിൽപെട്ടിരുന്നില്ല എന്നുവേണം വിചാരിക്കാൻ. തൊള്ളായിരത്തി എഴുപത്തേഴിൽ, കേരള നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയുടെ സെക്രട്ടറിയായിരുന്ന ഡോ. സതീശ്ചന്ദ്രൻനായർ സൈലന്റ് വാലി സന്ദർശിച്ച് നിരവധി പുതു വിവരങ്ങളുമായി വന്നു. അദ്ദേഹം പല ആനുകാലികങ്ങളിലായി എഴുതിയ ലേഖനങ്ങളാണ് സൈലന്റ് വാലിയുടെ സംരക്ഷണത്തിൽ പ്രാമുഖ്യമർഹിക്കുന്ന ആദ്യഘടകങ്ങളിലൊന്ന്. ഡോ. നായർ എടുത്ത ഫോട്ടോ സ്ലൈഡുകൾ കേരളത്തിൽ പലേടത്തും പ്രദർശിപ്പിക്കപ്പെട്ടു. പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. വി.എസ്. വിജയൻ സൈലന്റ് വാലിയിൽ ഏറെനാളുകൾ പാർത്ത് നടത്തിയ നിരീക്ഷണങ്ങൾ നിർണായക പ്രാധാന്യമർഹിക്കുന്നവയായിരുന്നു. സൈലന്റ് വാലി ഒരു ബയോസ്ഫിയർ റിസർവായി സൂക്ഷിക്കപ്പെടേണ്ടതെന്നായിരുന്നു ഡോ. വിജയന്റെ നിർദ്ദേശം. ഇതിന്നിടെ ഡോ. സാലിം അലി നീണ്ട ഒരു ഇടവേളയ്ക്കു ശേഷം സൈലന്റ് വാലിയിലെത്തി. "സൈലന്റ് വാലി വെറുമൊരു നിത്യഹരിതവനമല്ല. ഭൂമിയിലെ ഏറ്റവും സമ്പന്നവും കടുത്ത അപായഭീഷണി നേരിടുന്നതും ഏറ്റവും കുറച്ചു മാത്രം പഠിക്കപ്പെട്ടിട്ടുള്ളതുമായ ആവാസവ്യവസ്ഥകളുടെ ഒരു ഉത്തമോദാഹരണമാണത്" കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരിൽ ചിലരെയെങ്കിലും ഇരുത്തിചിന്തിപ്പിച്ച വാക്കുകളായിരുന്നു ഇവ.

ഈ സമയത്താണ് കേരളശാസ്ത്രസാഹിത്യപരിഷത്ത് സജീവമായി രംഗത്തെത്തുന്നത്. പദ്ധതിയെ എതിർക്കുന്ന കാര്യത്തിൽ പരിഷത്തിൽ ഏകാഭിപ്രായമായിരുന്നില്ല. പ്രൊഫ. എം.കെ. പ്രസാദ്, ഡോ. എം.പി. പരമേശ്വരൻ തുടങ്ങിയവർ രൂപീകരിച്ച അഭിപ്രായസമന്വയമാണ് പരിഷത്തിന്റെ ഔദ്യോഗികനയത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിയത്. തൊള്ളായിരത്തിഎഴുപത്തെട്ട് ഒക്ടോബറിൽ പരിഷത്ത് പ്രധാനമന്ത്രിക്കയച്ച പ്രമേയം വളരെ ശ്രദ്ധാപൂർവ്വം തയ്യാറാക്കപ്പെട്ട ഒന്നായിരുന്നു. പരിഷത്തിലെ അഭിപ്രായസംഘർഷമാകെ എഴുന്നുനില്ക്കുന്ന ഒന്ന്. ആറാം പദ്ധതിക്കാലത്തുതന്നെ ഇരുനൂറ് മെഗാവാട്ട് ശേഷിയുള്ള ഒരു താപനിലയം മലബാറിൽ സ്ഥാപിക്കണമെന്നും മറ്റു സാദ്ധ്യതകൾ വിശദമായി പരിഗണിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നതു വരെ പദ്ധതിയുടെ യാതൊരു പ്രവർത്തനവും തുടരരുതെന്നുമായിരുന്നു പ്രമേയത്തിന്റെ സാരം. പരിഷത്തിന്റെ അഞ്ചംഗപഠനസമിതി സൈലന്റ് വാലിയെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ആയിരത്തിതൊള്ളായിരത്തി എഴുപത്തിയൊമ്പത് മാർച്ചിൽ മലയാളത്തിലും നാലു മാസത്തിനകം ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കപ്പെട്ടു. ആയിരത്തിതൊള്ളായിരത്തി എഴുപത്തിയെട്ട് ഒക്ടോബറിൽ റഷ്യയിലെ അഷ്ഖാബാദിൽ ചേർന്ന ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസെർവേഷൻ ഓഫ് നേച്ചർ ആൻഡ് നാച്ചുറൽ റിസോഴ്സസിന്റെ പതിനാലാം ജനറൽ അസംബ്ലി സൈലന്റ് വാലിയിലും കളക്കാട്ടുമുള്ള സിംഹവാലൻ കുരങ്ങുകളെ സംരക്ഷിക്കണമെന്ന പ്രമേയം പാസ്സാക്കിയത് ബോംബെ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയുടെ പ്രേരണയിലായിരുന്നു.

ഈ വിവാദത്തിൽ ജനപ്രതിനിധിസഭകൾ, സംസ്ഥാന-കേന്ദ്രസർക്കാരുകൾ, കോടതികൾ, പത്രമാധ്യമങ്ങൾ എന്നിവയുടെ നിലപാടെന്തായിരുന്നുവെന്ന് പരിശോധിക്കുന്നതും രസകരമാണ്. പദ്ധതി എത്രയും വേഗം നടപ്പാക്കണമെന്ന പ്രമേയം

കേരളനിയമസഭയിലെ ഇടതു-വലതുകക്ഷികളിലെ അംഗങ്ങൾ ഏകകണ്ഠമായാണ് പാസ്സാക്കിയത്. ആയിരത്തിതൊള്ളായിരത്തി എഴുപത്തിയെട്ട് ഫെബ്രുവരിയിൽ രണ്ടു മാസത്തിനകം ഒരു സർവകക്ഷിനിവേദക സംഘം പ്രധാനമന്ത്രി മൊറാർജി ദേശായിയെച്ചെന്നുകണ്ട് ഇതേ കാര്യം അഭ്യർത്ഥിച്ചു. പദ്ധതി നടപ്പാക്കുന്നതിൽ തനിക്കൊരു എതിർപ്പുമില്ലെന്ന് അദ്ദേഹം മുഖ്യമന്ത്രിയെ എഴുതി അറിയിക്കുകയും ചെയ്തു. പദ്ധതിയുടെ പണി നിർത്തിവെക്കുന്ന ലക്ഷണമൊന്നും കാണാതായപ്പോഴാണ് കോടതിയുടെ സഹായം തേടുകയെന്ന ആശയം ഉയർന്നുവന്നത്. "ഫ്രെണ്ട്സ് ഒഫ് ട്രീസ്" എന്ന സംഘടനയുടെ അദ്ധ്യക്ഷനായ ജോസഫ് ജോണാണ് ആദ്യം കേസ് ഫയൽ ചെയ്തത്. കോഴിക്കോട്ടെ "സേവ് സൈലന്റ് വാലി സൊസൈറ്റി" കേസിൽ കക്ഷി ചേർന്നു. ആയിരത്തി തൊള്ളായിരത്തി എഴുപത്തിയൊമ്പത് ആഗസ്റ്റിൽ കോടതി പദ്ധതിയുടെ പണി സ്റ്റേ ചെയ്തു. ഇന്ത്യൻ നീതീന്യായവ്യവസ്ഥയുടെ ചരിത്രത്തിൽ സുപ്രധാനമായ ഒരു വിധിയായിരുന്നു ഇത്. ഒക്ടോബർ ഇരുപത്തൊന്നിന് വേൾഡ് വൈൽഡ് ലൈഫ് ഫണ്ടും, പരിഷത്തും, കേരള നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയും, കേരള സർക്കാർ പാസ്സാക്കിയ സൈലന്റ് വാലി സംരക്ഷണ ആക്ട് ചർച്ച ചെയ്യാനായി ഒരു സമ്മേളനം വിളിച്ചുകൂട്ടിയിരുന്നു. സാലിം അലിയാണ് സമ്മേളനം ഉദ്ഘാടനം ചെയ്യാമെന്നേറ്റിരുന്നത്. കെ.എസ്.ഇ.ബി. ഈ സമ്മേളനത്തിനെതിരെ തിരുവനന്തപുരം മുൻസിഫ് കോടതിയിൽ നിന്ന് വിലക്കു സമ്പാദിച്ചു. സൈലന്റ് വാലിയെക്കുറിച്ച് നാലുനാളത്തേക്ക് മിണ്ടരുതെന്നായിരുന്നു വിലക്ക്. സമ്മേളനസ്ഥലമായ വി.ജെ.ടി. ഹാളിൽ എത്തിയ പ്രതിനിധികൾ കറുത്ത തുണികൊണ്ട് വാമൂടിക്കെട്ടി പ്രകടനം നടത്തുകയും തമ്പാനൂരെ പാർക്കിൽ സമ്മേളിക്കുകയും ചെയ്തു. സൈലന്റ് വാലി വിവാദത്തിൽ കെ.എസ്.ഇ.ബി. അടിച്ച സെൽഫ് ഗോളായിരുന്നു ഈ കോടതി വിലക്ക്. സർക്കാർ പാസ്സാക്കിയ ഒരു നിയമത്തെ മുൻനിർത്തി പരസ്യചർച്ച നടത്തുന്നതു പോലും തടയാൻ ശ്രമിച്ചതിന്നെതിരെ ചിന്താശീലരായ ഒട്ടേറെപ്പേർ "പത്രാധിപർക്കുള്ള കത്തുകൾ" എന്ന പംക്തിയിലൂടെ പ്രതികരിച്ചു. "ഹിന്ദു" പത്രം ശക്തമായ ഭാഷയിൽ ഒരു മുഖപ്രസംഗമെഴുതി. കൂട്ടത്തിൽ പറയട്ടെ, "ഹിന്ദു" വാണ് സൈലന്റ് വാലി വിവാദത്തിൽ ഉടനീളം പരിസ്ഥിതിവാദികളോടൊപ്പം നിന്ന പത്രം. മലയാള പത്രങ്ങളിൽ "കേരളകൗമുദി" യും തൃശൂരെ "എക്സ്പ്രസ്സും" ചെയ്ത സഹായങ്ങളും മറന്നുകൂടാ. അത്രതന്നെ അവിസ്മരണീയമാണ് ചില ദിനപത്രങ്ങളുടെ മൗനവും നിഷേധവും."



സൈലന്റ് വാലിയിൽ ഇവിടെയാണ് ആദ്യം ഡാം കെട്ടാൻ ഉദ്ദേശിച്ചിരുന്നത് — ഫോട്ടോ : റസാക്ക് കോട്ടയ്ക്കൽ

അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ടപ്പോഴും സൈലന്റ് വാലി നമ്മുടെ സാഹിത്യകാരന്മാരുടെ ശ്രദ്ധക്ക് വിഷയീഭവിച്ചില്ല. പ്രൊഫ. എം.കെ. പ്രസാദ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ ഒരു ലേഖനം വായിച്ചതോടെയാണ് സൈലന്റ് വാലിയുടെ അനന്യതയെക്കുറിച്ചും, അതു സംരക്ഷിക്കേണ്ടുന്നതിന്റെ ആവശ്യത്തെക്കുറിച്ചും താൻ ബോധവതിയായതെന്ന് സുഗതകുമാരി അനുസ്മരിക്കുന്നു. "ട്രിവാൻഡ്രം ഹോട്ടലിൽ വെച്ചുചേർന്ന ഒരു ചെറുയോഗത്തിൽ ഞാൻ ഒറ്റയ്ക്കു കേറിച്ചെന്നു പങ്കെടുത്തു. എന്നാലാവുന്നത് സൈലന്റ് വാലിക്കു വേണ്ടി ചെയ്യുമെന്ന് തീരുമാനിച്ചുറച്ചാണ് ഞാൻ അവിടെ നിന്നിറങ്ങിപ്പോന്നത്. കേരളകൗമുദി പത്രത്തിൽ ഒരു ലേഖനമെഴുതി പ്രസിദ്ധീകരിക്കുകയാണ് ആദ്യം ചെയ്തത്. വായനക്കാരുടെ പ്രതികരണം അദ്ഭുതാവഹമായിരുന്നു. ശാസ്ത്രജ്ഞന്മാർ രണ്ടുമൂന്നു കൊല്ലത്തിലേറെ ശബ്ദമുയർത്തിയിട്ടും ഉണ്ടാകാത്തത്ര പ്രതികരണം സൃഷ്ടിക്കാൻ ഒരു ലേഖനത്തിനു കഴിയുമെങ്കിൽ എഴുത്തുകാരുടെ കൂട്ടായ ശ്രമം എത്രകണ്ടു ഫലദായകമാകില്ലെന്നായിരുന്നു എന്റെ വിചാരം."

സാഹിത്യത്തിലും ജീവിതത്തിലും താൻ ഗുരുവായി വരിച്ച എൻ.വി. കൃഷ്ണവാരിയരെയാണ് സുഗതകുമാരി ആദ്യം ചെന്നു കണ്ടത്. എൻ.വി. യുടെ ഉള്ളഴിഞ്ഞ പ്രോത്സാഹനമാണ് പ്രകൃതി സംരക്ഷണസമിതിയുടെ രൂപീകരണത്തിന് പ്രചോദനമായത്. എൻ.വി. യുടെ തിരുവനന്തപുരത്തെ വാടകവീട്ടിലായിരുന്നു സമിതിയുടെ പിറവി. എൻ.വി., സുഗതകുമാരി, ഒ.എൻ.വി. കുറുപ്പ്, അയ്യപ്പപ്പണിക്കർ, വിഷ്ണുനാരായണൻ നമ്പൂതിരി, ഡോ. കെ. വേലായുധൻനായർ എന്നിവരായിരുന്നു സ്ഥാപകാംഗങ്ങൾ. "പ്രകൃതിയുടെ സംരക്ഷണത്തിനുവേണ്ടി ജീവന്റെ നിലനില്പിന്നുവേണ്ടി" - ഇതായിരുന്നു സമിതിയുടെ മുദ്രാവാക്യം. ഹരിതഗോളത്തെ സംരക്ഷിക്കുന്ന രണ്ടുകൈകൾ. "നമഃ പൃഥിവ്യൈ" എന്ന് മുകളിൽ ആലേഖനം ചെയ്തിരിക്കുന്നു - ഇതായിരുന്നു സമിതിയുടെ ചിത്രമുദ്ര. അഥർവ വേദത്തിലെ ഭൂമിസൂക്തത്തിൽ നിന്നാണ് സമിതിയുടെ ആദർശരേഖ തെരഞ്ഞെടുക്കപ്പെട്ടത്.

യത്തേ ഭൂമേ വിഖനാമി
ക്ഷിപ്രം തദപി രോഹതു
മാ തേ മർമ വിമൃഗ്വരി
മാ തേ ഹൃദയമർപ്പിപം

(ഹേ ഭൂമി! നിന്നിൽനിന്ന് ഞാൻ എടുക്കുന്നതെന്തോ അത് വേഗം വീണ്ടും മുളച്ചുവരട്ടെ. പാവനയായവളേ! നിന്റെ മർമങ്ങളേയും ഹൃദയത്തേയും പിളർക്കാതിരിക്കട്ടെ!)

അക്കാലത്തെ കത്തിടപാടുകൾ വായിക്കുക രസമാണ്. "പാവന" "പിളർക്കുക" എന്നിവ ഏതു പദങ്ങളുടെ തർജമയാണെന്ന് വിഷ്ണുനാരായണൻ നമ്പൂതിരിക്ക് സംശയം. എൻ.വി. യുടെ മറുപടി - "വിമൃഗ്വരി യാകണം പാവന. മൃജുശുദ്ധൗ എന്നു ധാതു. ജിത്വരീ, ഇത്വരീ എന്നൊക്കെപ്പോലെ വിമൃഗ്വരി. അതിന്റെ സംബുദ്ധി' പിളർക്കുക!" ഇന്ദുചൂഡൻ (പ്രൊഫ. കെ.കെ. നീലകണ്ഠൻ) എഴുതിയതിങ്ങനെ - "എന്നാൽ കഴിയുന്നതെല്ലാം വാഗ്ദാനം (വെറും ഗദ്യത്തിൽ) ചെയ്തുകൊള്ളുന്നു. ലാറിബേക്കർ എഴുതിയതിങ്ങനെയും - "ആധുനിക നഗരാസൂത്രണവും പരിസ്ഥിതിസംരക്ഷണവും എന്ന ശീർഷകം എനിക്കത്ര പിടിക്കുന്നില്ല. കാരണം, ഞാൻ ഒരു ഔദ്യോഗിക ടൗൺപ്ലാനർ അല്ലെന്നതുതന്നെ!"

തൊള്ളായിരത്തിയെൺപത് ജൂൺ ആറിന് തിരുവനന്തപുരത്തെ വി.ജെ.ടി. ഹാളിൽവെച്ചു നടത്തിയ കൺവെൻഷനായിരുന്നു സമിതിയുടെ ആദ്യസംരംഭം. അതിനു മുന്നോടിയായി പ്രസിദ്ധീകരിച്ച ലഘുലേഖ പ്രകൃതി സംരക്ഷണത്തിന്റെ ധാർമികവും ശാസ്ത്രീയവും സാമ്പത്തികവും സൗന്ദര്യാത്മകവുമായ വശങ്ങൾ


സുഗതകുമാരി

ചർച്ച ചെയ്യുന്ന ഒന്നായിരുന്നു. എങ്കിലും ഊന്നിപ്പറഞ്ഞിരുന്നത് സൈലന്റ് വാലിയെ സംരക്ഷിക്കേണ്ടുന്നതിന്റെ പ്രധാന്യത്തെക്കുറിച്ചുതന്നെ. സാഹിത്യകാരന്മാർ സംഘടിപ്പിച്ച സമ്മേളനമായിരുന്നെങ്കിലും ശാസ്ത്രീയചർച്ചകൾക്ക് പ്രാമുഖ്യം നൽകിയിരുന്നു. ഇന്ദുചൂഡൻ, ലാറിബേക്കർ, സൈലന്റ് വാലിയെപ്പറ്റി പഠിക്കാൻ കേന്ദ്രസർക്കാർ നിയോഗിച്ച ശാസ്ത്രജ്ഞസംഘത്തിന്റെ നേതാവായിരുന്ന പ്രൊഫ. ആർ.എസ്. പിള്ള, വി.കെ. ദാമോദരൻ, ഡോ. സതീശ്ചന്ദ്രൻ നായർ, ഡോ. തോമസ് വർഗീസ് എന്നിവരായിരുന്നു പ്രബന്ധകാരന്മാരിൽ ചിലർ. പ്രകൃതിസംരക്ഷണത്തിന്റെ അത്യന്താപേക്ഷിതത്വമായിരുന്നു കവിയരങ്ങിന്റെ പ്രമേയം. ഒ.എൻ.വി., അയ്യപ്പപ്പണിക്കർ, കക്കാട്, കടമ്മനിട്ട രാമകൃഷ്ണൻ, സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി, കെ.വി. രാമകൃഷ്ണൻ, ഡി. വിനയചന്ദ്രൻ, എൻ.കെ. ദേശം തുടങ്ങി ഒട്ടേറെ കവികൾ പങ്കെടുത്ത ഈ പരിപാടിയായിരുന്നു കൺവെൻഷന്റെ ആകർഷണ ബിന്ദു. ഇടശ്ശേരിയുടെ "പുളിമാവുവെട്ടി" എന്ന കവിത "മണ്ണാർക്കാടൻ കുളിർക്കാറ്റേ!" എന്ന ചെറിയൊരു പാഠഭേദത്തോടെ അവതരിപ്പിച്ചത് ഉചിതവും ശ്രദ്ധേയവുമായി. സുകുമാർ അഴീക്കോട്, എ.പി. ഉദയഭാനു തുടങ്ങി സദസ്സിനെ


വിഷ്ണുനാരായണൻ നമ്പൂതിരി

അഭിസംബോധന ചെയ്ത പ്രഭാഷകർ വേറെ. സൈലന്റ് വാലിയിലെ സസ്യങ്ങളേയും ജന്തുക്കളേയും പരിചയപ്പെടുത്തുവാൻ ഉതകുന്നതായിരുന്നു രാത്രിയിൽ ഡോ. സതീശ്ചന്ദ്രൻനായർ നടത്തിയ സ്ലൈഡ് പ്രദർശനം. കൺവെൻഷനിലെ ഏറ്റവും ആഹ്ലാദകരമായ വസ്തുത യുവജനങ്ങളുടേയും വിദ്യാർത്ഥികളുടേയും ഭാഗഭാഗിത്വമായിരുന്നു.

തിരുവനന്തപുരം കൺവെൻഷനു ശേഷം മറ്റു നഗരങ്ങളിലും ഗ്രാമഗ്രാമാന്തരങ്ങളിലും നടന്ന കവിയരങ്ങുകളിൽ മിക്കതിലും "മരക്കവിതകൾ" ക്കായിരുന്നു പ്രാമുഖ്യം. ഒ.എൻ.വി. യുടെ "ഭൂമിക്കൊരു ചരമഗീതം" അയ്യപ്പപ്പണിക്കരുടെ "കാടെവിടെ മക്കളെ" സുഗതകുമാരിയുടെ "മരത്തിനു സ്തുതി" കടമ്മനിട്ടയുടെ "കുഞ്ഞേ മുലപ്പാൽ കുടിക്കരുത്" തുടങ്ങിയ കവിതകൾ നിരവധി കവിയരങ്ങുകളിൽ പാടിപ്പൊലിച്ചവയാണ്. എത്രയേറെ ചെറുപ്പക്കാരെയാണ് ഈ കവിതകൾ പ്രചോദിപ്പിച്ചതെന്നു പറകവയ്യ. അവരിൽപ്പലരും തെരുവുനാടകങ്ങൾ അവതരിപ്പിച്ചും, ചിത്രങ്ങളും കാർട്ടൂണുകളും വരച്ചും ഈ കവിതകളുടെ ദൗത്യത്തെ പൂരിപ്പിച്ചു. കവിതകൾക്കു കിട്ടിയ അനുവാചക സത്കാരം കവികളെയും പ്രചോദിപ്പിച്ചു. സമാനാശയങ്ങളായ മറ്റു പല കവിതകളുടെയും പിറവിക്കു കാരണമായത് ഈ പ്രചോദനമാണ്. പ്രകൃതി ദൂഷണത്തെക്കുറിച്ച് എഴുതപ്പെട്ട കവിതകൾ മറ്റ് ആശയമണ്ഡലങ്ങളിലേക്ക് അത്രമേൽ സ്വാഭാവികമായി ഒഴുകിപ്പരന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഒരുദാഹരണം മാത്രം പറയാം. എൻ.വി. യുടെ "മരങ്ങളും വള്ളികളും" എന്ന കവിതയിലെ അന്ത്യഖണ്ഡത്തിൽ കടന്നു വരുന്ന സ്ത്രീവാദം. സമിതി മൂന്നു കൊല്ലം കഴിഞ്ഞ് "വനപർവം" എന്ന പേരിൽ പ്രസിദ്ധീകരിച്ച സമാഹാരത്തിൽ ഈ കവിതകളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.

സൈലന്റ് വാലിയുടെ സംരക്ഷണത്തെ മുൻനിർത്തി പ്രശസ്തരായ പല കവികളും സംഘടിച്ചപ്പോൾ അവരുടെ കൂടെക്കൂടാത്ത കവികളുമുണ്ടായിരുന്നു. അക്കൂട്ടത്തിൽ ഏറ്റവും പ്രധാനമായ പേര് ബാലാമണിയമ്മയുടേതാണ്. മലബാറിന്റെ പിന്നാക്കനില പരിഹരിക്കുന്നതിന് തദ്ദേശീയമായ ഊർജ്ജോത്പാദനം ആവശ്യമാണെന്നും അതിനാൽ താൻ സൈലന്റ് വാലി പദ്ധതിയെ പിന്തുണയ്ക്കുന്നുവെന്നുമായിരുന്നു അവരുടെ നിലപാട്. സൈലന്റ് വാലിയിൽ ഇനി വെട്ടാൻ കാടൊന്നുമില്ല. കുന്തിപ്പുഴേ, നീ മരിച്ചിരിക്കുന്നു, എന്നാണ് മണ്ണാർക്കാട്ടുകാരനെന്ന് അഭിമാനിച്ചിരുന്ന ഒളപ്പമണ്ണ വാദിച്ചത്. താനൊരു പ്രയോജനവാദിയാണ്, അതുകൊണ്ട് സംരക്ഷണവാദികളുടെ കൂടെ

ക്കൂടുന്നില്ല എന്നാണ് ചെമ്മനം ചാക്കോ സത്യസന്ധമായി അഭിപ്രായപ്പെട്ടത്. തങ്ങളുടെ അന്യരചനകൾതന്നെ പ്രകൃതിസംരക്ഷണവാദത്തിന്റെ സാധൂകരണങ്ങളാണെന്നും അതിനാൽ സോദ്ദേശ്യസാഹിത്യം രചിക്കാൻ വയ്യെന്നു മാറിനിന്നവരുമുണ്ടായിരുന്നു.

സൈലന്റ് വാലി പ്രശ്നത്തിൽ സജീവമായി പങ്കെടുത്തത് ഏറെയും കവികളായിരുന്നുവെന്നതാണ് അർത്ഥഗർഭമായ മറ്റൊരു കാര്യം. ബഷീർ, വിജയൻ, പൊറ്റക്കാട്ട് - ഇവരെല്ലാം താന്താങ്ങളുടേതായ നിലയിൽ സൈലന്റ് വാലി സംരക്ഷണോദ്യമങ്ങളെ സഹായിച്ചവരാണ്. തോൽക്കുമെന്നുറപ്പുള്ള ഈ യുദ്ധത്തിൽ പടയാളിയായിച്ചേർന്നുകൊള്ളാമെന്നായിരുന്നു ബഷീറിന്റെ വാക്ക്. ദില്ലിയിലെ സർക്കാർ - മാധ്യമബന്ധങ്ങൾക്ക് ഏറ്റവും സഹായം നല്കിയത് വിജയനായിരുന്നു. സൈലന്റ് വാലിയിലെ അവസാനത്തെ സിംഹവാലൻ കുരങ്ങ് വൈദ്യുതകമ്പിയിൽ തട്ടി മരിക്കുന്നതിനെക്കുറിച്ചാണ് പൊറ്റക്കാട്ട് എഴുതിയത്. എങ്കിലും കഥാകൃത്തുകളോ, നോവലിസ്റ്റുകളോ ഈ പ്രശ്നത്തിൽ കവികളെപ്പോലെ സജീവമായി, പ്രത്യക്ഷത്തിൽ രചനകളിലൂടെ ഇടപെട്ടില്ലെന്നത് സാഹിത്യരൂപപരമായ ചർച്ചകൾക്ക് വിഷയമാക്കേണ്ടതാണ്. പരിസ്ഥിതിവാദികളെ മുക്തകണ്ഠം സഹായിച്ച മറ്റൊരാൾകൂടിയുണ്ട് - ശൈലീവല്ലഭനും ജന്തുശാസ്ത്രജ്ഞനുമായ ഡോ. കെ. ഭാസ്കരൻനായർ. ആനുഷംഗികമായിപ്പറയട്ടെ, പദ്ധതിയെ അനുകൂലിക്കാനും കുറേ ശാസ്ത്രജ്ഞന്മാരുണ്ടായിരുന്നു. ആസ്ഥാന ശാസ്ത്രജ്ഞന്മാർ എന്നവർക്ക് പേരും വീണു. ഇടതു - വലതു കക്ഷികളെല്ലാം ഒന്നൊഴിയാതെ പദ്ധതിയ്ക്കുവേണ്ടിയാണ് വാദിച്ചതെന്നു പറഞ്ഞുവല്ലോ. അവസരവാദത്തിന്റെയും വിധേയത്വത്തിന്റെയും ഈ കൂരിരുളിലും പ്രതിരോധത്തിന്റെ ചില സ്ഫുടതാരകൾ മിന്നിയത് ഓർക്കാതിരുന്നുകൂടാ. സി. നാരായണപിള്ള, എസ്. ശർമ, പി. ഗോവിന്ദപിള്ള, വർക്കല രാധാകൃഷ്ണൻ, കെ.വി. സുരേന്ദ്രനാഥ്, ഡോ. പി. കെ. വാരിയർ. ഈ പട്ടികയിൽ ഇനി ഏറെപ്പേരുകൾ ചേർക്കാനില്ല.

ഭാഷാ സാഹിത്യത്തിലെ ഈ പരിസ്ഥിതിപ്രസ്ഥാനത്തെ ഭാരതത്തിലെ അന്യസംസ്ഥാനങ്ങളിലെ പരിസ്ഥിതിപ്രവർത്തനങ്ങളോടും രാഷ്ട്രീയ സംഭവങ്ങളോടും കണ്ണിചേർത്തുവായിക്കേണ്ടതാണ്. തൊള്ളായിരത്തി എഴുപത്തിമൂന്നിലാണ് ഹിമാലയത്തിൽ "ചിപ്കോ" പ്രസ്ഥാനം പിറവികൊള്ളുന്നത്. 1975 ജൂൺ മുതൽ ആയിരത്തിതൊള്ളായിരത്തി എഴുപത്തിയേഴ് മാർച്ച് വരെ നീണ്ട അടിയന്തിരാവസ്ഥക്കാലത്ത് അവലംബിച്ച ഭീരുതയുടേയും മൗനത്തിന്റേയും പ്രായശ്ചിത്തമായിരുന്നുവോ ചില കവികൾക്കെങ്കിലും സൈലന്റ് വാലി പ്രക്ഷോഭത്തിലെ ഭാഗഭാഗിത്വം? തീവ്രവാദ പ്രസ്ഥാനത്തിലുണ്ടായ വിള്ളലുകൾ ഒട്ടേറെ യുവാക്കളെ അർത്ഥപൂർണമായ മറ്റൊരു കർമമണ്ഡലമെന്ന നിലയിൽ പരിസ്ഥിതി പ്രസ്ഥാനത്തിലേക്ക് നയിച്ചുവോ?

**IUCN**

**The World Conservation Union**

**WWF**

ശ്രീമതി ഇന്ദിരാഗാന്ധിയുമായി സൈലന്റ് വാലി പ്രക്ഷോഭം എങ്ങനെ ബന്ധപ്പെട്ടുകിടക്കുന്നുവെന്ന് രേഖപ്പെടുത്താൻ ഏറ്റവും ഉചിതമായ അവസരം ഇതായിരിക്കും. തൊള്ളായിരത്തി എഴുപത്തിരണ്ടിൽ സ്റ്റോക്ക്ഹോമിൽ നടന്ന അന്താരാഷ്ട്രപരിസ്ഥിതിസമ്മേളനത്തിൽ പങ്കെടുത്ത ഒരേയൊരു രാഷ്ട്രഭരണാധികാരിയായിരുന്നു ശ്രീമതി ഗാന്ധി. അതുവഴി നേടിയെടുത്ത യശസ്സാകെ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതോടെ ചോർന്നു. രാജ്യത്തെ ചിന്താശീലരായ അഭ്യസ്ത വിദ്യർക്കാകെ അനഭിമതയായിത്തീർന്നു അവർ. തൊള്ളായിരത്തി എഴുപത്തേഴ് മാർച്ചിൽ ഭരണത്തിൽനിന്നു പുറത്തായെങ്കിലും, അന്താരാഷ്ട്രവ്യവഹാരങ്ങളിൽ ഭാരതത്തെ സംബന്ധിക്കുന്ന ഏതു കാര്യത്തിലും അവസാന വാക്ക് ശ്രീമതി ഗാന്ധിയുടേതായിരുന്നു. അതുകൊണ്ടാകണം റിച്ചേഡ് സെയ്ന്റ് ബർബിബേക്കറെന്ന വന്ദ്യവയോധികനായ വൃക്ഷബന്ധു സൈലന്റ് വാലിക്കുവേണ്ടി താൻ ആമരണം ഉപവസിക്കുമെന്ന് ശ്രീമതി ഗാന്ധിയെത്തന്നെ കണ്ടുപറഞ്ഞത്. അതുവേണ്ടിവരില്ല, സൈലന്റ് വാലിയെ സംരക്ഷിക്കുന്ന കാര്യം താൻ ഏറ്റെടുത്തിരിക്കുന്നുവെന്ന് അവർ മറുപടിയും നൽകിയത്രേ. പ്രകൃതിപാഠങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അച്ഛൻ ഐമ്പതുകൊല്ലം മുമ്പ് മകൾക്കയച്ച കത്തുകൾ വെറുതെയായില്ല. തൊള്ളായിരത്തി എൺപത് ജനുവരിയിൽ ഭരണത്തിൽ മടങ്ങിവന്നയുടനെ നടപ്പാക്കിയ തീരുമാനങ്ങളിലൊന്ന് സൈലന്റ് വാലി പദ്ധതിയുടെ പണി താത്കാലികമായി നിർത്തിവെക്കലായിരുന്നു. പിറ്റേക്കൊല്ലം വാരാണസിയിൽ നടന്ന ശാസ്ത്രകോൺഗ്രസ്സിൽ വെച്ച് സൈലന്റ് വാലിയെ സംരക്ഷിക്കുമെന്ന് പ്രഖ്യാപിച്ചതും ഡോ. എം.ജി.കെ. മേനോന്റെ നേതൃത്വത്തിൽ അന്വേഷണസമിതിയെ നിയോഗിച്ചതും തൊള്ളായിരത്തി എൺപത്തിമൂന്ന് നവംബറിൽ പദ്ധതി പ്രവർത്തനങ്ങൾ റദ്ദുചെയ്തതും ശ്രീമതി ഗാന്ധിയായിരുന്നു.

സൈലന്റ് വാലിയുടെ സംരക്ഷണത്തെ മുൻനിർത്തി നടന്ന പ്രക്ഷോഭം കേരളത്തിന്റെ ചിന്താമണ്ഡലത്തെ എത്രകണ്ട് സ്വാധീനിച്ചു? ചിരസ്ഥായിയായ എന്തു സംഭാവനയാണ് പരിസ്ഥിതി സംരക്ഷണം മുഖ്യപ്രമേയമായി രചിക്കപ്പെട്ട കവിതകൾ ഭാഷയ്ക്കു നൽകിയത്? ഈ കവി സംഘത്തിന്റെ പിൽക്കാല രചനകളിൽ പരിസ്ഥിതിവാദം സൂക്ഷ്മരൂപത്തിൽ അന്തർലീനമായിട്ടുണ്ടോ? ഈ ലഘുപ്രബന്ധത്തിന്റെ ഉദ്ദിഷ്ടപരിധിക്കു പുറത്തുള്ള പ്രശ്നങ്ങളാണിവയെല്ലാം; എങ്കിലും പറയട്ടെ; മനുഷ്യകേന്ദ്രിതവും ഉപഭോഗൈകനിഷ്ഠവുമായ സംസ്കാരത്തിനുപുറത്ത് സസ്യജന്തുനിബിഡവും വന്യവുമായ പ്രകൃതിയുടെ സാന്നിദ്ധ്യമുണ്ടെന്നും അതിനെ സംരക്ഷിക്കേണ്ടത് ധാർമികമായ കർത്തവ്യമെന്നതിനപ്പുറം നിലനിൽപ്പിനുതന്നെ അനിവാര്യമാണെന്നും കേരളം തിരിച്ചറിഞ്ഞു. ഈ അഭിജ്ഞാനം ചില കവികളിൽ ആഗന്തുകവും ക്ഷണികവുമായിരുന്നിരിക്കാം; എന്നാൽ ചിലരെങ്കിലും അതിനെ ആത്മസാത്കരിച്ചു. സാഹിത്യചരിത്രം അതു വഴിയേ രേഖപ്പെടുത്തിക്കൊള്ളും. ഉദാഹരണത്തിന് "ജലസേചന" ത്തിൽനിന്ന് "മൃതസഞ്ജീവനി" യിലെത്തിയ വൈലോപ്പിള്ളിയുടെ ആന്തരജീവിതം. പ്രചാരണസാഹിത്യത്തിന്റെ ചീത്തത്തങ്ങളെല്ലാം പല രചനകളേയും ബാധിച്ചിട്ടുണ്ടാകാം. പലതും അതികാല്പനികമായ അഭിരുചിയുടെ അചികിത്സ്യമായ ആവർത്തനങ്ങളാകാം. അതിലഘൂകൃതമായ ദ്വന്ദ്വങ്ങളുടെ (കാട്/നാട്; നഗരം/ഗ്രാമം) ഗതാനുഗതികമായ വിന്യസങ്ങളാകാം. സമിതിയുടെ സംസ്കൃതാഭിമുഖ്യവും വേദസൂക്തോദ്ധരണങ്ങളും യാഗസൂചനകളും പ്രതിലോമപരമായി വ്യാഖ്യാനിക്കപ്പെട്ടേക്കാം. എങ്കിലും അന്തിമമൂല്യനിർണയത്തിൽ ഈ രചനകളിൽ ചിലതെങ്കിലും ചിരപ്രതിഷ്ഠ നേടുമെന്നു വിശ്വസിക്കാനാണ് ന്യായം കാണുന്നത്.

*'നീഡം', കാവേരി, ചർച്ച് ലാന്റിങ് റോഡ്, കൊച്ചി*

*(അവലംബം : ഹരിതനിരൂപണം മലയാളത്തിൽ-എ.ഡി.ജി. മധുസൂദനൻ, കറന്റ് ബുക്സ്, തൃശൂർ)*